ഐറീൻ ഡിസോസയും കുഞ്ഞും മരണമടഞ്ഞത് സംബന്ധിച്ച അന്വേഷണം

59 (4494) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ പൈവളിഗെ പഞ്ചായത്തിലെ അപ്പോളി ഡിസോസയുടെ മകൾ ഐറീൻ ഡിസോസയും രണ്ടുമാസം പ്രായമുള്ള കുഞ്ഞും ഭർതൃഗൃഹത്തിൽ മരണമടഞ്ഞനിലയിൽ കണ്ടെത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന നിവേദനത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നറിയിക്കാമോ ?

ഉത്തരം

സംഭവം സംബന്ധിച്ച് മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 172/03 യു/എസ്/174 സി.ആർ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും കാസർഗോഡ് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരികയുമാണ്. ഇതുവരെയുള്ള അന്വേഷണത്തിൽ മരണപ്പെട്ട ഐറീൻ, ഭർത്താവിന്റെ അമ്മ മേരി ഡിസൂസയുടെ മാനസികപീഡനം കാരണം കുഞ്ഞിനെയും എടുത്ത് കിണറ്റിൽ ചാടി ആത്മഹത്യ ചെയ്തതാണെന്ന് വെളിവായതിനാൽ കേസ് സെക്ഷൻ 498(എ) 306 ഐ.പി.സി. ആയി മാറ്റംവരുത്തി അന്വേഷണം നടത്തിവരികയാണ്.

കള്ളവോട്ട് ചെയ്യാൻ സഹായിച്ചു എന്നാരോപിച്ച് തഹസിൽദാരെ ബന്ദിയാക്കിയ സംഭവം

60 (4495) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-4-2001-ൽ കാസർഗോഡ്, മഞ്ചേശ്വരം മണ്ഡലങ്ങളിൽ കള്ളവോട്ട് ചെയ്യാൻ സഹായിച്ചു എന്നാരോപിച്ച് തഹസിൽദാരെ ബന്ദിയാക്കുകയും കാസർഗോഡ് താലൂക്ക് ഓഫീസ് അടിച്ചു തകർക്കുകയും ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) ഈ കേസ്സിലെ പ്രതികൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) മേൽ കേസ് സർക്കാർ ഇപ്പോൾ പിൻവലിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(ഇ) ഉണ്ടെങ്കിൽ ആരുടെ ഹർജിപ്രകാരമാണ് മേൽകേസ് പിൻവലിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly